# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 231

19/03/2015 - ൽ മറുപടിക്ക്

### ജലപാത ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ജലപാതകൾ ഏതൊക്കെയാണ്; | (എ) | സംസ്ഥാനത്ത് ദേശീയ ജലപാത III (കൊല്ലം-കോട്ടപ്പുറം) പാതയുടെ ഇരുവശങ്ങളിലുമായി ആകെ 422 കി.മീ.നീളം വരുന്ന ജലപാതകളായ കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം എന്നീ പാതകളെയാണ് സംസ്ഥാന ജലപാതകളായി അംഗീകരിച്ചിട്ടുള്ളത്. ഈ ജലപാത ദേശീയ ജലപാതയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പഠനങ്ങൾ നടക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുതുതായി നിർമ്മിക്കുന്ന കനാലുകൾ എല്ലാംതന്നെ ഈ നിലവാരത്തിലേക്ക് നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ജലപാതയുടെ വികസനത്തിനായി 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നീ പദ്ധതികളുടെ സഹായത്തോടെ വിവിധ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിവരുന്നു. |
| (ബി) അവയോന്നിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനജലപാത പൂർണ്ണരൂപത്തിൽ സഞ്ചാരയോഗ്യമാക്കുന്നതിനായി 12-ാം ധനകാര്യ കമ്മീഷൻ, 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നീ പദ്ധതികളിലൂടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരികയാണ്.<br>**കോവളം-കൊല്ലം**<br>സംസ്ഥാന ജലപാതയുടെ കോവളം-കൊല്ലം ഭാഗത്ത് താഴെ പറയുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. 7.86 കി.മീ നീളമുള്ള കൊല്ലം തോടിന്റെ 2 കി.മീ ഭാഗത്ത് ആഴം കൂട്ടൽ പൂർത്തിയായിട്ടുണ്ട്, |

| | |
|---|---|
| (സി) ജലപാത ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) ജലപാത യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ